പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിലേറ്റെടുത്തുവരുന്നു. ഏറ്റവും കുറഞ്ഞത് രണ്ട് കറവമാടുകളെ പരിപാലിക്കുന്നവരും ഒരു വർഷം 150 ദിവസമെങ്കിലും ക്ഷീരസംഘത്തിൽ 10 ലിറ്റർ പാൽ നൽകുന്നവരുമായ ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

**ക്ഷീരകർഷകർക്കുള്ള പെൻഷൻ**

**65 (1433)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്ക് എന്നുമുതലാണ് പെൻഷൻ അനുവദിച്ചത് ;

(ബി) എത്ര രൂപയായിരുന്നു പെൻഷൻ ; ഇപ്പോൾ എത്ര രൂപയാണ് ;

(സി) എത്ര പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നൽകുന്നുണ്ട് ; ഏത് മാസംവരെയുള്ള പെൻഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ജനുവരി 2006 മുതലാണ് ക്ഷീരകർഷകർക്ക് പെൻഷൻ അനുവദിച്ചത്.

(ബി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും ക്ഷീരകർഷകർക്ക് 2006-ൽ 250 രൂപ പെൻഷൻ നൽകിവരികയും തുടർന്ന് 2009 ആഗസ്റ്റ് മുതൽ 300 രൂപയാക്കി വർദ്ധിപ്പിക്കുകയും വീണ്ടും ഏപ്രിൽ 2013 മുതൽ 500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 54,294 പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നൽകുന്നുണ്ട്. മേയ് 2015 വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

**കെ. രാഘവൻ മാസ്റ്റർക്ക് സ്മാരകം**

**66 (1434)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ചലച്ചിത്ര സംഗീത ശാഖയ്ക്ക് അമൂല്യ സംഭാവനകൾ നൽകിയ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭ്യമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനായി [illegible] നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എത്രയും [illegible] വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്മാരക നിർമ്മാണം [illegible] പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

[illegible]

(എ) ഉണ്ട്.

(ബി) കെ. രാഘവൻ മാസ്റ്ററുടെ സ്മാരകമന്ദിരം നിർമ്മിക്കുന്നതിന് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ച് സർക്കാർ 15 ലക്ഷം രൂപ തലശ്ശേരി നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്. രാഘവൻ മാസ്റ്ററുടെ പ്രതിമ നിർമ്മിക്കുന്നതിന് നഗരസഭ ശിൽപിയെ ചുമതലപ്പെടുത്തുകയും പ്രവൃത്തിയുമായി ബന്ധപ്പെട്ട കരട് എസ്റ്റിമേറ്റ് ശിൽപി നഗരസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രതിമ നിർമ്മാണത്തിന് 25.50 ലക്ഷം രൂപയും അനുബന്ധ പ്രവൃത്തിക്ക് 15 ലക്ഷം രൂപയുമാണ് [illegible] നഗരസഭ നീക്കിവച്ചിട്ടുള്ളത്.

(ഡി) സ്മാരക നിർമ്മാണം [illegible] പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കവി കുഞ്ഞുണ്ണി മാസ്റ്റർക്ക് സ്മാരകം**

**67 (1435)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നാർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന് [illegible] ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് [illegible] എത്രയാണ് തുകയെന്നും അറിയിക്കുമോ ;

(ബി) വലപ്പാട്ട് കുഞ്ഞുണ്ണി മാസ്റ്റർ [illegible] സ്മാരക നിർമ്മാണത്തിന് അനുവദിച്ച സ്ഥലത്ത് സർക്കാർ [illegible] ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടോ : ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ സ്മാരക കമ്മിറ്റിയെ നിയമിച്ചിരുന്നുവോ ; ഉണ്ടെങ്കിൽ കുഞ്ഞുണ്ണി സ്മാരക നിർമ്മാണം നടത്താത്തതിൽ ഈ ഭരണസമിതിക്ക് എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly